കേന്ദ്രത്തെ സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനും കാലടി സി.എച്ച്.സി.യെ പ്രാഥമിക ആരോഗ്യ കേന്ദ്രമായി നിലനിർത്തുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ ഇത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ്. വികസനത്തിനാവശ്യമായ സ്ഥലം ലഭിച്ചാൽ ഈ സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായിത്തന്നെ നിലനിറുത്താവുന്നതാണ്.

മഞ്ചേരി നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള നടപടി

27(1837) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഓമന്നൂർ, കുഴിവെണ്ണ, തൃപ്പണി, കാവന്നൂർ, വെറ്റിലപ്പാറ എന്നീ സ്ഥലങ്ങളിലെ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) പ്രസ്തുത ആശുപത്രികളിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിന് എന്ന് മുതൽ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓമന്നൂർ, തൃപ്പണി, കാവന്നൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രോഗികളെ കിടത്തി ചികിൽസ നടത്തുന്നുണ്ട്. കുഴിവെണ്ണ, വെറ്റിലപ്പാറ എന്നീ പ്രഥാമികാരോഗ്യ കേന്ദ്രങ്ങളിൽ രോഗികളെ കിടത്തി ചികിൽസ ആരംഭിച്ചിട്ടില്ല.

(ബി) വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിൽസിക്കാൻ ആവശ്യമായ കെട്ടിട സൗകര്യം ഇല്ലാത്തതുകൊണ്ടും കുഴിവെണ്ണ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ ജീവനക്കാരുടെ അഭാവംമൂലവും കിടത്തി ചികിൽസ ആരംഭിച്ചിട്ടില്ല.

(സി) കിടത്തി ചികിൽസിക്കുന്നതിനാവശ്യമായ അധിക ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായതിനുശേഷം അവ പരിശോധിച്ച് അനുവദനീയമായ തസ്തികകൾ സൃഷ്ടിച്ചതിന് ശേഷം മാത്രമേ കിടത്തി ചികിൽസ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

വടക്കാഞ്ചേരി താലൂക്കാശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങളും മരുന്നും ലഭ്യമാക്കുന്നതിന് നടപടി

28(1838) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വടക്കാഞ്ചേരി താലൂക്കാശുപത്രിയിൽ എത്ര തസ്തികകളിൽ ഒഴിവുണ്ട് ; ഇതിൽ വിവിധ ഡോക്ടർമാരുടേയും മറ്റ് തസ്തികകളും എത്രവീതമാണ് ;

(ബി) വടക്കാഞ്ചേരി താലൂക്കാശുപത്രിയിൽ ശുദ്ധജലം ദൗർലഭ്യമുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആശുപത്രിയിൽ ആവശ്യമായ ശുദ്ധജലം എത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) വടക്കാഞ്ചേരി ആശുപത്രിയിൽ ഗ്ലൂക്കോസ് സ്റ്റാന്റ് ഇല്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും എത്തിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇവിടെ ഒരു റേഡിയോഗ്രാഫറിന്റെ ഒഴിവു മാത്രമേ ഒഴിഞ്ഞുകിടക്കുന്നുള്ളൂ. ഡോക്ടർമാരുടെ ഒഴിവുകൾ ഇല്ല.

ഡോക്ടർ	8
ലേ സെക്രട്ടറി	1
ഹെഡ് ക്ലാർക്ക്	1
ക്ലാർക്ക്	4
ടൈപ്പിസ്റ്റ്	1
പ്യൂൺ	1
നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II	1
ഹെഡ് നഴ്സ്	6
സ്റ്റാഫ് നഴ്സ്	12
നഴ്സിംഗ് അസിസ്റ്റന്റ്	12
പാർട്ട്ടൈം സ്വീപ്പർ	1
ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I	2
ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II	9
ലാബ് ടെക്നീഷ്യൻ	2
ലാബ് അറ്റൻഡർ	1
റേഡിയോഗ്രാഫർ	1

LIBRARY ARCHIVES Kerala Legislative Assembly

എക്സ്റേ അറ്റന്റർ	1
ഓപ്താൽമിക് അസിസ്റ്റന്റ്	1
ഡെന്റൽ ഹൈജീനിസ്റ്റ്	1
ട്രീറ്റ്മെന്റ് ഓർഗനൈസർ	1
ഫാർമസിസ്റ്റ്	1
ഫാർമിസിസ്റ്റ് സ്റ്റോർ കീപ്പർ	1
ലേഡീഹെൽത്ത് ഇൻസ്പെക്ടർ	1
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	1
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	1

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് മുഖേന ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടി എടുത്തുകഴിഞ്ഞു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്ലൂക്കോസ് സ്റ്റാന്റ് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ഡി) ആവശ്യമായ മരുന്നുകൾ ഇപ്പോൾ ഉണ്ട്. ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

തൃശ്ശൂർ ജില്ലയിലെ പി.എച്ച്.സെന്ററുകളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

29(1839) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ എത്ര പി.എച്ച്. സെന്ററുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് ;

(ബി) ഈ കോൺട്രാക്ട് നിയമനത്തിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തിയ ഡോക്ടർമാരെ പിരിച്ചുവിട്ടിട്ടുണ്ടോ ; എത്ര പി.എച്ച്. സെന്ററുകളിൽ പുതിയതായി ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് ; തൃശ്ശൂർ ജില്ലയിൽ എത്ര ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് ; പി.എസ്.സി. റാങ്ക്ലിസ്റ്റിൽനിന്നുള്ളവരെ നിയമിക്കുമ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചവരെ പിരിച്ചുവിടാറുണ്ടോ ; എങ്കിൽ എത്രപേരെ പിരിച്ചുവിട്ടു ;

(ഡി) തൃശ്ശൂർ ജില്ലയിൽ ഡോക്ടർമാരില്ലാത്ത എത്ര പി.എച്ച്. സെന്ററുകൾ ഇനിയും അവശേഷിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly